വെള്ളീച്ച ആക്രമണം

# പ്രതിരോധത്തിന് വെള്ളവും വേപ്പെണ്ണ-സോപ്പ് മിശ്രിതവും

MB dt. 23/12/17

### ഭീതിവേണ്ടെന്ന് സി.പി.സി.ആർ.ഐ.

### മിത്രകീടം വെള്ളീച്ചകളെ നശിപ്പിക്കും

**കാസർകോട്** ▸ തെങ്ങുകളെ ബാധിക്കുന്ന വെള്ളീച്ചകളുടെ ആക്രമണത്തിൽ കർഷകർ ആകുലപ്പെടേണ്ടതില്ലെന്ന് കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപന ഡയറക്ടർ പി.ചൗഡപ്പ പത്രസമ്മേളനത്തിൽ അറിയിച്ചു. വെള്ളീച്ചകളെ തുരത്താൻ പ്രകൃതിയിൽത്തന്നെ രൂപപ്പെട്ട എൻകാർസിയ(Encarsia guadeloupae) എന്ന മിത്രകീടമുണ്ട്. ഇത് ഇവയുടെ പ്യൂപ്പകളിൽ മുട്ടയിടുകയും ഈ മുട്ടകൾ വളർന്ന് പ്യൂപ്പകളെ നശിപ്പിക്കുകയും ചെയ്യും. സംസ്ഥാനത്ത് ഈ മിത്രകീടങ്ങൾ 80 ശതമാനത്തോളം രൂപപ്പെട്ടിട്ടുണ്ടെന്നും തന്മൂലം വെള്ളീച്ചകളുടെ അക്രമണം ക്രമേണ ഇല്ലാതാവുമെന്നും അദ്ദേഹം വിശദീകരിച്ചു. റൂഗോസ് സൈ്പറലിങ് വൈറ്റ് ഫ്ലൈ എന്ന വെള്ളീച്ചയെ 2004-ൽ അമേരിക്കയിലാണ് കണ്ടെത്തിയത്. 2016-ൽ പാലക്കാട് ഭാഗത്തും ഇവയെ കണ്ടെത്തി. 2017-ലാണ് കാസർകോട്ട് വെള്ളീച്ചയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടത്. ചെന്തെങ്ങുകളിലാണ് കൂടുതലായും ഇവയുടെ അക്രമണം കണ്ടെത്തിയിട്ടുള്ളത്. ഓലയുടെ അടിയിൽ മുട്ടയിട്ടും തെങ്ങോലയുടെ നീരൂറ്റിക്കുടിച്ചുമാണ് ഈ ജീവിയുടെ വളർച്ച.

ഇവ പുറപ്പെടുവിക്കുന്ന കറുത്ത മധുരസ്രവം മറ്റിലകളുടെ പുറത്ത് വീഴുന്നതിനാൽ പ്രകാശസംശ്ലേഷണത്തിനു തടസ്സമാകും. ഇത് തെങ്ങിന്റെ വളർച്ചയെയും തേങ്ങയുടെ ഉത്പാദനത്തെയും പ്രതികൂലമായി ബാധിക്കും. ഈച്ചകളെ പ്രതിരോധിക്കാൻ തെങ്ങോലയിലേക്ക് ശക്തമായി വെള്ളം ചീറ്റുകയോ വേപ്പെണ്ണയും സോപ്പും ചേർത്ത മിശ്രിതം പ്രയോഗിക്കുകയോ ചെയ്യാം.

സി.പി.സി.ആർ.ഐ.യുടെ നേതൃത്വത്തിൽ ജനുവരി അഞ്ചുമുതൽ 12 വരെ സി.പി.സി.ആർ.ഐ. കാസർകോട് കിസാൻ മേള സംഘടിപ്പിക്കുന്നുണ്ട്. കർഷകർക്കുള്ള വിവിധ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായുണ്ടാകും. ആറിന് വെള്ളീച്ചബാധയെക്കുറിച്ച് പ്രത്യേക ശില്പശാലയും സംഘടിപ്പിക്കും. പത്രസമ്മേളനത്തിൽ പി.എസ്.പ്രതിഭ, ഡോ. മുരളീധരൻ എന്നിവരും പങ്കെടുത്തു.

> **രാസകീടനാശിനി ഉപയോഗിക്കരുത്**
>
> വെള്ളീച്ചകളെ തുരത്താൻ ഒരുകാരണവശാലും രാസകീടനാശിനികൾ പ്രയോഗിക്കരുത്. അത് മിത്രകീടത്തെയടക്കം ഇല്ലായ്മചെയ്യും.
>
> **പി.ചൗഡപ്പ**
> ഡയറക്ടർ
> സി.പി.സി.ആർ.ഐ.